# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

തൃശ്ശൂർ - 680 596

ഫോ: 0487-2207664 ഫാക്സ്: 0487-2206770

ഇ-മെയിൽ: keralahealthuniversity@gmail.com


നമ്പർ: 24275/2022/എസ് & സി/കെ.യു.എച്ച്.എസ്. തിയ്യതി: 27/08/2022

## കേരളത്തിന്റെ കോവിഡ് അനുഭവങ്ങൾ; അവലോകനവും, ശില്പശാലയും

കേരളത്തിന്റെ കോവിഡ് അനുഭവങ്ങളെ കുറിച്ച് ഒരു ഡോക്യുമെന്റ് തയ്യാറാക്കി പ്രകാശനം ചെയ്യുന്നതിനുള്ള ഒരുക്കത്തിലാണ് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല. ഇതോടനുബന്ധിച്ച് നടത്തുന്ന ശില്പശാലയുടെ ഉദ്ഘാടനം ബഹു: സർവ്വകലാശാലാ പ്രൊ ചാൻസലറും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുമായ ശ്രീമതി വീണാ ജോർജ് 2022 സെപ്റ്റംബർ ഇരുപത്തിമൂന്നിന് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ നിർവ്വഹിക്കുന്നതാണ്. കോവിഡ് വാക്സിൻ, കോവിഡ് സംബന്ധിച്ച ഗവേഷണം, രോഗ നിരീക്ഷണം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി, ഈ ശിൽപ്പശാലയിൽ വിദഗ്ദ്ധർ ചർച്ചകൾ നയിക്കുന്നതായിരിക്കും. ശില്പശാലയുടെ അനുബന്ധമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

1. പ്രസിദ്ധീകരിച്ച പ്രബന്ധങ്ങളുടെ വിലയിരുത്തലും, പ്രോത്സാഹന സമ്മാനം നൽകലും.
2. കോവിഡ് സംബന്ധമായ മേഖലയിൽ ഉണ്ടായിട്ടുള്ള ഗവേഷണ പ്രബന്ധങ്ങളുടെ അവതരണം.
3. ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്ട്രീമുകളിലെ കോവിഡ് സംബന്ധിയായ തുടർവിദ്യാഭ്യാസ പരിപാടി

പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള ഗവേഷകർ, പ്രബന്ധങ്ങളുടെ സിനോപ്സിസ് (300 വാക്കിൽ കുറയാതെ) **shpptvpm2016@kuhs.ac.in** എന്ന ഇ-മെയിൽ ഐഡിയിൽ പേരും മറ്റു അനുബന്ധ വിവരങ്ങളും സഹിതം 2022 സെപ്റ്റംബർ ഇരുപതിന് മുൻപായി അയച്ചിരിക്കേണ്ടതാണ്.

രജിസ്ട്രാർ